# ഫലസ്തീൻ:

## കുടിയിറക്കപ്പെടുന്നവരുടെ രാജ്യം

എഡിറ്റിംഗ്:
**ശബീബ് മമ്പാട്**
**സലീം ദേളി**

BOOK PLUS

BOOK PLUS

Palastine:
Kudiyirakkappedunnavarude Rajyam

*Editors:*
Shabeeb Mambad
Saleem Deli

First Edition
March 2023
Copies: 1000
ISBN: 978-93-92115-50-9
Price Rs: 320/-

**BOOK PLUS PUBLISHERS**
Hidaya Nagar, Chemmad, Tirurangadi P.O
Malappuram, Kerala, India
Ph: +91 9562 66 11 33, +91 9562 76 11 33
info@bookplus.co.in
www. bookplus.co.in

Printed in India
Book Plus Offset Press
Hidaya Nagar, Chemmad

Right Reserved

No part of this work may be reproduced or utilized in any form
or by any means without the prior written permission of the publisher.

# ഉള്ളടക്കം

**പ്രൊഫ. എ.കെ രാമകൃഷ്ണൻ**

ആമുഖം/
ഫലസ്തീൻ പ്രശ്നത്തിന്റെ ചരിത്രവും രാഷ്ട്രീയവും ...................... 15

**ഡോ. ലിറാർ പുളിക്കലകത്ത്**

ഇസ്റാഈൽ-ഫലസ്തീൻ പ്രശ്നം:
ചരിത്രം, സമകാലികം, അന്താരാഷ്ട്ര ബന്ധങ്ങൾ ........................... 29

**ഇലാൻ പാപ്പെ**

നക്ബ: ഓർമയുടെ കശാപ്പുകൾ ........................................................ 39

**മഹ്മൂദ് മംദാനി**

അമേരിക്കയും ഇസ്റാഈലും: സെറ്റ്ലർ
കൊളോണിയലിസത്തിന്റെ രണ്ട് സന്തതികൾ ................................ 52

**ഡോ. ഹിഷാമുൽ വഹാബ്**

ഫലസ്തീൻ:
ഇന്ത്യൻ നയതന്ത്രബന്ധങ്ങളുടെ ഉൾപിരിവുകൾ ........................... 62

**ജോസഫ് മസാദ്**

വിമോചനത്തിന്റെ പാട്ടുകൾ ........................................................ 73

**ഡോ. സൈഫുദ്ദീൻ കുഞ്ഞ്**

അബ്രഹാം അകോഡ്:
ഇസ്റാഈൽ-ജി.സി.സി ബാന്ധവത്തിന്റെ രാഷ്ട്രീയം .................. 91

**സലീം ദേളി**

ഇസ്റാഈലിന്റെ ഡിജിറ്റൽ വംശഹത്യകൾ ..................................... 102

**ശമീർ കെ.എസ്**

ഫലസ്തീനും അപകോളനീകരണവും ........................................ 111

**ഹാഷിർ മടപ്പള്ളി**

ഇസ്റാഈലിന്റെ പരിസ്ഥിതി
നയങ്ങൾക്ക് പിന്നിലെ രാഷ്ട്രീയം ........................................ 120

**ശ്ലോമോ സാന്റ്**

ഇനി മുതൽ ഞാൻ ജൂതനല്ല! ........................................ 125

**ഐജാസ് അഹ്മദ്**

ഇസ്റാഈലിന്റെ നാസിവൽകരണം ........................................ 132

**വി. മുസഫർ അഹമ്മദ്**

ലോകം ഫലസ്തീനികളെ വിളിച്ചു, രാജ്യമില്ലാത്തവർ .................. 142

**ഡോ. ഷാഹിനമോൾ എ.കെ**

സമകാലിക ഫലസ്തീൻ സ്ത്രീസാഹിത്യം:
ചരിത്രം, ഓർമ, പ്രതിരോധം ........................................ 168

**ദാമോദർ പ്രസാദ്**

ദൈനംദിന അപമാനവീകരണങ്ങൾ ........................................ 176

**മുഹമ്മദ് അലി ജൗഹർ**

പ്രതിരോധത്തിന്റെ പിതൃഭൂമി ........................................ 194

**ഏലിയാസ് ഖൂരി**

ഗസ്സാൻ കനഫാനി: സമരവും സാഹിത്യവും ........................................ 213

**അഫീഫ് അഹ്മദ്**

ധാർമികതയുടെ ചോദ്യങ്ങളും രാഷ്ട്രീയത്തിന്റെ പ്രയോഗങ്ങളും:
എഡ്വേർഡ് സൈദും ഫലസ്തീൻ പ്രശ്നവും ........................................ 224

**മുഹമ്മദ് റോഷൻ**

ഫലസ്തീൻ രാഷ്ട്രീയവും റംസി ബാറൂദിന്റെ എഴുത്തുകളും ....... 239

# സമകാലിക ഫലസ്തീൻ സ്ത്രീസാഹിത്യം: ചരിത്രം, ഓർമ, പ്രതിരോധം

**ഡോ. ഷാഹിനമോൾ എ.കെ**

1984 ലെ നക്ബ(ദുരന്തദിനം)യിലും തുടർന്നുണ്ടായ ചെറുതും വലുതുമായ സംഘട്ടനങ്ങളിലും സ്വത്വം നഷ്ടപ്പെട്ട ഫലസ്തീൻ ജനതയും അവരുടെ നാടും, സാഹിത്യം, കല, സംഗീതം, സിനിമ തുടങ്ങിയവയും സൃഷ്ടിപരമായ പൊതുസ്വത്വബോധനിർമിതിയിലൂടെ ആഗോളതലത്തിൽതന്നെ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. രണ്ടായിരമാണ്ടിനു ശേഷമുള്ള ഫലസ്തീൻ സാഹിത്യ-കലാ മേഖലകളുടെ ഏറ്റവും സവിശേഷമായ ഒരു പ്രത്യേകതയാണ് സ്ത്രീ എഴുത്തുകളുടെ മുന്നേറ്റവും അവയെ മുൻനിർത്തിയുള്ള ഗൗരവതരമായ ഗവേഷണങ്ങളും പഠനങ്ങളും. സമരരംഗത്തും സാഹിത്യരംഗത്തുമുണ്ടായിക്കൊണ്ടിരിക്കുന്ന ഫലസ്തീൻ സ്ത്രീമുന്നേറ്റം അവിടത്തെ സാമൂഹ്യഘടനയിലും സാംസ്കാരിക മേഖലയിലും വലിയ മാറ്റങ്ങൾക്കിടം നൽകിയിട്ടുണ്ട്. ഓർമയുടെ വിവിധ സങ്കേതങ്ങളിലൂടെ നഷ്ടമാകുന്ന രാജ്യത്തെയും അതിന്റെ ചരിത്രത്തേയും വീണ്ടെടുക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമം ഫലസ്തീൻ സ്ത്രീസാഹിത്യം പരിശോധിച്ചാൽ കാണാനാവും. ഫത്മ കാസിം, സുആദ് അമിരി തുടങ്ങിയ സമകാലിക സ്ത്രീ എഴുത്തുകാരെ മുൻനിർത്തിയുള്ള ഒരു അന്വേഷണമാണ് ഈ ലേഖനം.

'നിങ്ങൾ എവിടെനിന്ന് വരുന്നു എന്ന ചോദ്യത്തിന് സബലാനിൽനിന്ന് എന്നായിരുന്നു എന്റെ മാതാവ് വർഷങ്ങളോളം മറുപടി പറഞ്ഞിരുന്നത്. ഫലസ്തീൻ പട്ടണമായ സബലാനും അവിടെയുള്ള ആളുകളും വിസ്മൃതിയിലാണ്ടുപോകാതിരിക്കാനുള്ള ഒരു വഴിയായിരുന്നു

അതെന്ന് വളരെ വൈകിയാണ് ഞാൻ തിരിച്ചറിഞ്ഞത്.' (ഫലസ്തീനിയൻ വിമൺ: 29)

സ്വന്തം രാജ്യവും അതിന്റെ ചരിത്രവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജനസമൂഹത്തിന് തങ്ങളുടെ ഓർമകളിലൂടെ അവ തിരിച്ചുപിടിക്കാനുള്ള വ്യഗ്രത എത്രമാത്രം ഗാഢമാണെന്ന് നേർക്കുനേർ കാണിക്കുകയാണ് ഇസ്റാഈലിലെ പ്രശസ്ത ഫലസ്തീൻ ഗവേഷകയും എഴുത്തുകാരിയുമായ ഫത്മ കാസിം. ഇന്നത്തെ ഇസ്റാഈലായി മാറ്റപ്പെട്ട ഫലസ്തീനിലും, അധിനിവേശ ഫലസ്തീൻ പ്രദേശങ്ങളിലും ദിനേനയെന്നോണം നടക്കുന്ന സയണിസ്റ്റുവൽക്കരണത്തിന്റെയും, ജൂതവൽക്കരണത്തിന്റെയും ഇടയിൽ ഓർമയിലൂടെ പ്രതിരോധം സൃഷ്ടിക്കുന്ന ഫലസ്തീനികളുടെ ചെറുത്തുനിൽപിന്റെ ചെറിയൊരു ഉദാഹരണംമാത്രമാണ് ഫത്മ കാസിമിന്റെ ഫലസ്തീനിയൻ വിമൺ എന്ന മേൽ ഉദ്ധരിച്ച പുസ്തകത്തിലെ പ്രതിപാദ്യം.

സയണിസ്റ്റുവൽക്കരണത്തിന്റെ ഭാഗമായി ഇന്നത്തെ ഇസ്റാഈലി, ഫലസ്തീനി പട്ടണങ്ങളും അവിടെയുണ്ടായിരുന്ന ചരിത്രശേഷിപ്പുകളും പാടെ തുടച്ചുനീക്കുമ്പോൾ, ജനിച്ചുവളർന്ന നാടിനെയും അതിന്റെ ചരിത്രത്തെയും തന്റെ സ്മരണകളിലൂടെ തിരിച്ചുപിടിക്കാനുള്ള സ്വന്തം മാതാവിന്റെ വ്യഗ്രതയാണ് മേൽപറഞ്ഞ പുസ്തകത്തിൽ ഫത്മ കാസിം എടുത്തുപറയുന്നത്. ചരിത്രസത്യത്തെ പാടെ തുടച്ചുനീക്കാൻ അനുവദിക്കാതെ ഇന്നത്തെ ഇസ്റാഈലായി മാറ്റപ്പെട്ട ഭൂപ്രദേശത്തുള്ള ഫലസ്തീനികൾ അറബ് സ്ഥലനാമങ്ങൾ ഇന്നും ഉച്ചരിച്ചുകൊണ്ടിരിക്കുന്നു; മറക്കാൻ കൂട്ടാക്കാതെ. തന്റെ ഗവേഷണ ബന്ധത്തിന്റെ ഭാഗമായി ഫത്മ കാസിം, 1948 ലെ നക്ബ ഓർമകൾ പേറുന്ന അറുപതും എഴുപതും പിന്നിട്ട ഫലസ്തീൻ സ്ത്രീകളുമായി നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങളാണ് പുസ്തകത്തിന്റെ ഇതിവൃത്തം.

സ്വന്തമായി ഒരു രാജ്യം അവകാശപ്പെടാനില്ലാത്ത, ഭൂപടത്തിൽ ഇടമില്ലാത്ത ഒരു ജനത തങ്ങളുടെ കലാസാഹിത്യ പരിപ്രേക്ഷ്യങ്ങളിലൂടെ ഒരു നാടിനെ വരച്ചെടുക്കുന്നതിന്റെ, അഥവാ ഓർമിച്ചെടുക്കുന്നതിന്റെ നേർകാഴ്ചയാണ് സമകാലീന ഫലസ്തീൻ സാഹിത്യം. ചരിത്രത്തിലും ഭൂപടത്തിലും ഇടങ്ങൾ നഷ്ടപ്പെട്ട ഫലസ്തീനികൾ സാഹിത്യത്തിലൂടെ സ്വത്വനിർമിതി നടത്തുമ്പോൾ സംഭവിച്ചത് അവർക്ക് വിലക്കപ്പെട്ട ചരിത്രത്തിന്റെ വീണ്ടെടുപ്പ് കൂടിയായിരുന്നു. ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ഫലസ്തീൻ-ഇസ്റാഈൽ സംഘർഷത്തെ ചരിത്രപരമായും

സാംസ്കാരിമായും അന്വേഷണത്തിന് വിധേയമാക്കുമ്പോൾ ഫലസ്തീൻ സാഹിത്യവും അതിന്റെ വായനകളും അവിഭാജ്യഘടകങ്ങളായി വരും.

ആഗോള കോളനിയനന്തര സാഹിത്യഭൂപടത്തിൽ സുവ്യക്തമായ ഒരു ഇടമുണ്ട് ഫലസ്തീൻ സാഹിത്യത്തിന്. ആധുനിക രാഷ്ട്രനിർമിതിയുടെ തത്വങ്ങൾ കാറ്റിൽപറത്തി കപടമായ രീതിയിൽ ഒരു 'സ്വയംസൃഷ്ടി' നടത്തിയ ഇസ്റാഈൽ എന്ന രാജ്യം, അവരുടെ സ്വേഛാധിപത്യത്തിന്റെ പേരിൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന സമാനതകളില്ലാത്ത ഒരു അധിനിവേശ വ്യവസ്ഥിതിയാണ് ലോകരാജ്യങ്ങൾക്കു മുന്നിൽ കാണിച്ചുകൊണ്ടിരിക്കുന്നത്. കോളനിവൽകരണത്തിന് മൂന്നുതരത്തിലുള്ള അധികാരപ്രയോഗങ്ങളുണ്ടെന്നും അവ ദേശം, അക്രമം, ജനങ്ങളുടെമേലുള്ള നിയന്ത്രണം എന്നിവയാണെന്നും പ്രസിദ്ധ ഗവേഷകൻ എലിയ സുററെക്ക് തന്റെ ഇസ്റാഈൽസ് കൊളോണിയൽ പ്രൊജക്ട് ഇൻ ഫലസ്തീൻ എന്ന പുസ്തകത്തിൽ ആമുഖമായി പ്രതിപാദിക്കുന്നുണ്ട്. നവകോളനിവൽകരണകാലം പിന്നിടുമ്പോഴും കോളനിവൽകരണത്തിന്റെ മേൽപറഞ്ഞ മൂന്ന് അധികാരപ്രയോഗവൽകരണവും ഫലസ്തീൻ മണ്ണിൽ ഇസ്റാഈൽ ഇന്നും അനുസ്യൂതം തുടരുന്നുണ്ടെന്ന് കാണാം. അധീശത്വം സ്ഥാപിക്കൽ, വെട്ടിപ്പിടിക്കൽ, കുടിയൊഴിപ്പിക്കൽ, ആക്രമണം അഴിച്ചുവിടൽ തുടങ്ങിയ അധികാരപ്രയോഗങ്ങളോടൊപ്പം അനുദിനം പുതിയ ഇസ്റാഈൽ സെറ്റിൽമെന്റുകൾ സ്ഥാപിക്കലും ഭൂമി കൂട്ടിച്ചേർക്ക(Land annexation)ലും നിരുപാധികം തുടരുന്നുണ്ട്.

ബ്രിട്ടീഷ് മാൻഡേറ്റിനുമുമ്പുള്ള ചരിത്രഭൂമി(Historic Palastine)യുടെ 15% മാത്രമാണ് ഇന്ന് ഫലസ്തീൻ എന്ന് വിളിക്കപ്പെടുന്ന പ്രദേശം. 1948 ലെ അൽനക്ബ(ദുരന്തം), 1967 ലെ ആറുദിനയുദ്ധം, പിന്നീടുണ്ടായ നിരവധി ചെറുതുംവലുതുമായ സംഘട്ടനങ്ങൾ, ഇവയെല്ലാം സൃഷ്ടിച്ചെടുത്തത് ലക്ഷക്കണക്കിന് അഭയാർഥികളെയാണ്. നക്ബയിൽമാത്രം ഏഴരലക്ഷത്തോളം ഫലസ്തീനികൾ കുടിയൊഴിപ്പിക്കപ്പെട്ടു. അനേകായിരം ജീവനുകൾ പൊലിഞ്ഞു. ശേഷിക്കുന്നവർ സ്വന്തം നാട്ടിൽ രണ്ടാം ക്ലാസ് പൗരൻ/പൗരരെപ്പോലെ അഭയാർഥി ഗണത്തിൽപെട്ട് ജീവിക്കുന്നു.

പരിപൂർണമായ ഒരു ജൂതരാഷ്ട്രനിർമിതിയാണ് ഇസ്റാഈൽ ലക്ഷ്യമിടുന്നതെന്നും അതിനായി ഫലസ്തീനികളുടെ വംശീയ

ശുദ്ധീകരണം(Ethnic cleasning) ഉന്നമാക്കിയാണ് അവർ പ്രവർത്തിക്കുന്നതെന്നും പ്രശസ്ത ജൂത റിവിഷനിസ്റ്റ് ചരിത്രകാരൻ ഇലൻ പാപ്പെ, തന്റെ എത്നിക് ക്ലെൻസിംഗ് ഇൻ ഫലസ്തീൻ എന്ന പുസ്തകത്തിൽ അഭിപ്രായപ്പെടുന്നുണ്ട്(പാപ്പെ 28). ഇതിനുള്ള കൃത്യമായ ബ്ലൂപ്രിന്റ് തയ്യാറാക്കിയാണ് ബെൻ ഗൂറിയന്റെ കാലം മുതൽക്കിങ്ങോട്ട് ഇസ്റാഈൽ വംശീയഹത്യ(Genocide) നടപ്പിലാക്കി കൊണ്ടിരിക്കുന്നതെന്ന് പാപ്പെ തന്റെ പുസ്തകത്തിൽ വ്യക്തമാക്കുന്നു. രാഷ്ട്രസുരക്ഷയുടെ പേരിലുള്ള തെറ്റായ വ്യാഖ്യാനങ്ങളും ഫലസ്തീൻഭീതി സൃഷ്ടിക്കലുമാണ് ഇസ്റാഈൽ തങ്ങളുടെ നരമേധത്തിനു വേണ്ടി നിർമിച്ചെടുക്കുന്നത്.

തദ്ദേശവാസികളുടെ ഭൂമി തട്ടിയെടുത്ത് സെറ്റിൽമെന്റുകൾ സ്ഥാപിക്കുകയും, പിന്നീട് അധീശത്വം സൃഷ്ടിച്ചെടുക്കുകയും, തുടർന്ന് അവിടം പുനഃസൃഷ്ടിച്ച് ഫലസ്തീൻ ചരിത്രസാംസ്കാരിക ശേഷിപ്പുകൾ പാടെ തുടച്ചുനീക്കുകയും പട്ടണത്തെ പുനഃനാമകരണം ചെയ്ത് ജൂതസ്ഥലനിർമിതി സാധ്യമാക്കുകയും ചെയ്യുക എന്നതാണ് സയണിസ്റ്റ് രീതി. വിശാലമായ ഇസ്റാഈൽ(Ezets Israel) ലക്ഷ്യം പൂർത്തീകരിക്കാനായി അധീശത്വശക്തികൾ ആക്രമണമാർഗത്തിലൂടെ ഗ്രാമങ്ങളും പട്ടണങ്ങളും നശിപ്പിച്ച് ഫലസ്തീൻ ഇടങ്ങളുടെ രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ, ഭൂമിശാസ്ത്ര സ്വഭാവങ്ങൾതന്നെ മാറ്റിയെടുക്കാൻ ശ്രമിക്കുന്നുവെന്ന് പാപ്പെ അദ്ദേഹത്തിന്റെ മുകളിൽ സൂചിപ്പിച്ച പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഫലസ്തീൻ ഓർമകളെപ്പോലും ഇസ്റാഈൽ ഭയക്കുന്നു എന്നതിന്റെ വലിയ സൂചനകളാണ് പട്ടണങ്ങളുടെ മുഖഛായ മാറ്റലും പുനഃനാമകരണങ്ങളും. ഇതിലൂടെ ചരിത്രപരമായ ഒരവകാശവും സ്വന്തമായി നേടിയെടുക്കാൻ കഴിയാത്ത ശരീരമായി ഫലസ്തീൻ ജനത മാറ്റപ്പെടുന്നു. ഭൂരാഷ്ട്രവാദവും(Geopolitics) ജൈവരാഷ്ട്രവാദവു(Biopolitics)മാണ് ഇത്തരം മേൽകോയ്മ സൃഷ്ടിച്ചെടുക്കുന്നതിന്റെ താത്വികവശം.

ഫലസ്തീനിലെ ഇസ്റാഈൽ കൊളോണിയൽ പദ്ധതി എഴുപത് വർഷത്തിലധികം പിന്നിടുമ്പോൾ നിരവധി ഫലസ്തീൻ എഴുത്തുകാർ സാഹിത്യത്തിലൂടെ രാഷ്ട്രനിർമിതി സാധ്യമാക്കുന്നുണ്ട്. അധിനിവേശ ഫലസ്തീനിലും ഇസ്റാഈൽ(സമകാലിക) ഭൂപ്രദേശത്തും അന്യ രാജ്യങ്ങളിലുമുള്ള ഫലസ്തീൻ ജനത സാഹിത്യസൃഷ്ടികളിലൂടെ പ്ര

തിരോധത്തിന്റെ ഒരു പുതിയ അധ്യായം കുറിക്കുന്നു. ഫലസ്തീൻ സ്ത്രീ സാഹിത്യം ഇവിടെ എടുത്തുപറയേണ്ട ഒന്നാണ്. പ്രതിരോധ സാഹിത്യത്തിന്റെ(Resistance literature) പുതുവഴികൾ വ്യത്യസ്തങ്ങളായ സാഹിത്യശാഖയിലൂടെ ഫലസ്തീൻ സ്ത്രീ എഴുത്തിൽ ദർശിക്കാം. നോവൽ, ചെറുകഥ, ആത്മകഥകൾ, ഓർമക്കുറിപ്പുകൾ, ജീവചരിത്രം, യാത്രാവിവരണം എന്നീ ശാഖകൾക്കുപുറമെ അത്യാധുനിക ഡിജിറ്റൽ സാഹിത്യലോകത്തും ഫലസ്തീൻ സ്ത്രീ എഴുത്തുകൾ ധാരാളമുണ്ട്. ബ്ലോഗുകൾ, അവതരണ കാവ്യങ്ങൾ, ഡിജിറ്റൽ ഡയറി, ഫ്ളാഷ് കവിത തുടങ്ങി വ്യത്യസ്തങ്ങളായ പല സാഹിത്യ ആഖ്യാനരീതികളും ഫലസ്തീൻ സ്ത്രീ എഴുത്തിനെ മുൻകാലത്തെ എഴുത്തിനെക്കാൾ പ്രചുരപ്രചാരമാക്കുന്നുണ്ട്.

പ്രതിരോധം നിലനിൽപിനുവേണ്ടി(To resist is to exist) എന്ന പുസ്തകത്തിൽ സൂസൻ റഹ്മാൻ പ്രതിരോധത്തിന്റെ ഒരു സ്ത്രീ മാതൃക അനാവരണം ചെയ്യുന്നുണ്ട്. സ്ത്രീസാഹിത്യ സാംസ്കാരിക ഇടപാടുകളിലൂടെ പ്രതിരോധം സാധ്യമാകുന്നതെങ്ങനെ എന്ന ഒരന്വേഷണമാണ് പ്രസ്തുത പുസ്തകം. സ്വന്തം ശരീരം, ഭൂമി, ഓർമ, എഴുത്ത്, വീട്, സാമൂഹ്യസാംസ്കാരിക ഇടങ്ങൾ തുടങ്ങിയവയെല്ലാം പ്രതിരോധത്തിന്റെ ഒരു ടൂളായി പ്രയോഗിക്കുന്നത് കാണാം. 1948 ലെ നക്ബക്കുശേഷം, ഫലസ്തീൻ ചെറുത്തുനിൽപിൽ വലിയൊരു പങ്കുവഹിക്കാൻ അവിടത്തെ സ്ത്രീസാഹിത്യത്തിന് സാധിച്ചിട്ടുണ്ട്. സ്ത്രീകളുടെ രാഷ്ട്രീയ ബോധ്യവും, സാംസ്കാരിക മുന്നേറ്റങ്ങളും ഇതിന് ആക്കം കൂട്ടാൻ സഹായിച്ചു എന്ന് വിലയിരുത്താം. സ്വകാര്യ ഇടങ്ങളിൽമാത്രം ഒതുങ്ങിക്കൂടിയ സ്ത്രീവിഭാഗം, യുദ്ധമുഖത്തും പൊതുസ്ഥലങ്ങളിലും കൂടുതൽ സാന്നിധ്യമറിയിച്ചത് അറബ് വനിതകളുടെ, വിശിഷ്യാ ഫലസ്തീൻ വനിതകളുടെ പൊതുബോധത്തിൽതന്നെ ഇടങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയുണ്ടായി. ഇത് സാഹിത്യരംഗത്ത് സ്ത്രീ മുന്നേറ്റത്തിന് വലിയ തോതിൽ വഴി തെളിയിച്ചു. 1967 ലെ ആറുദിന യുദ്ധത്തിലെ പരാജയം സ്ത്രീസാഹിത്യ മുന്നേറ്റത്തിന് ശക്തി കൂട്ടാൻ കാരണമായെന്നാണ് വിലയിരുത്തപ്പെടുന്നത്. ഭൂമിശാസ്ത്രപരമായി ഫലസ്തീനിന്റെ കൈവശമുള്ള ഭൂമി ചുരുങ്ങുമ്പോഴും സാഹിത്യഭൂപടത്തിൽ ഫലസ്തീനിന്റെ വിസ്തീർണം കൂടിവരാൻ ഈ സാഹിത്യമുന്നേറ്റം സഹായിച്ചിട്ടുണ്ട്. ഫലസ്തീൻ സ്ത്രീസാഹിത്യത്തിലെ മുന്നേറ്റങ്ങൾ അവലോകനം ചെയ്യുമ്പോൾ അതിനെ 1967 കൾവരെയുള്ള ഒന്നാംഘട്ടം, 1980

ഫലസ്തീൻ പ്രതിരോധസാഹിത്യത്തെ വായിക്കുമ്പോൾ പോസ്റ്റ് കൊളോണിയൽ വിമർശനപഠന സാധ്യതകൾക്കപ്പുറത്തേക്ക് സ്ഥലതല പഠനം, സാംസ്കാരിക പഠനം, സ്വത്വപഠനം തുടങ്ങിയ പുതിയ വായനാസാധ്യതകൾ ആധാരമാക്കേണ്ടി വരും. ആഖ്യാനരീതിയിലും പല തരത്തിലുള്ള വിപ്ലവം സൃഷ്ടിക്കാൻ ഫലസ്തീൻ സ്ത്രീ എഴുത്തുകാർക്ക് സാധിച്ചിട്ടുണ്ട്. രേഖീയമായ ആഖ്യാനരീതിക്കു പകരം നൂതനമായ രീതികൾ അവർ എഴുത്തിൽ സ്വീകരിക്കുന്നു. റാമല്ല എഴുത്തുകാരി സുആദ് അമിരിയുടെ ഷാരോൺ ആന്റ് മൈ മദർ ഇൻലോ ഇതിന് ഉത്തമ ഉദാഹരണമാണ്. റിട്രോസ്പെക്ടീവ് പ്രോസ് നരേറ്റീവ്(Philippe Lojeune 192) ആണ് അമിരി തന്റെ ഈ ഓർമക്കുറിപ്പിൽ ഉപയോഗിക്കുന്നത്. 2005 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകത്തിൽ 1980 കൾക്കുശേഷമുള്ള ഫലസ്തീൻ ജീവിതത്തിന്റെ അപശ്രുതികളെ നർമവും ആക്ഷേപഹാസ്യവും ഒരുമിച്ചുവരുന്ന ആഖ്യാനരീതിയിലൂടെ അമീരി അവതരിപ്പിക്കുന്നുണ്ട്. ജാഫയിലെ ജന്മഗേഹം കണ്ടെത്താൻ നടത്തിയ വിഫലമായ പരിശ്രമങ്ങളും പിതാവിന്റെ വിയോഗവും ദൈനംദിന ജീവിതത്തിൽ ഫലസ്തീനികൾ അനുഭവിക്കുന്ന അപഹാസ്യമായ അനുഭവങ്ങളും യുദ്ധത്തിന്റെ ഭീകരതകളും എല്ലാം പ്രതിപാദ്യവിഷയമാകുന്നുണ്ടിവിടെ.

നക്ബയുടെ ഫലസ്തീൻ പരിപ്രേക്ഷ്യം അമീരി കൃത്യമായി വിവരിക്കുന്നു. 1949 ലെ ദുരന്തത്തിൽ ഇസ്റാഈൽ ഒരു രാജ്യമായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ നാനൂറ്റി ഇരുപതോളം വില്ലേജുകളാണ് ഇസ്റാഈൽ ആർമി നിലംപരിശാക്കിയത്(അമീരി 166). 'സാരിസ്, ബയ്ത് ജിബ്റിൻ, ബയ്ത് നാതിഫ്, അല്ലാർ, ഖാലുന്യ, അൽവലാജ, ജാഫയുടെ അയൽപ്രദേശങ്ങൾ, ഈസ്റ്റ് ജറുസലേമിലെ നൂറോളം 'ലൈസൻസില്ലാത്ത' വീടുകൾ(ഇസ്റാഈൽ ഭാഷയിൽ ലൈസൻസില്ലാത്ത), ഖാൻ യൂനിസിലെ ഡസൻകണക്കിന് വീടുകൾ, പതിനായിരക്കണക്കിന് ഒലീവ് മരങ്ങൾ, പാം മരങ്ങൾ, യാസ്മിനെ ചത്വരം, ഇന്ന് ആർക്കറിയാം? നാളെ ഒരുപക്ഷേ ഹിബ്രോണിലെ ചരിത്രപരമായ ചത്വരം ആവാം'(അമിരി 166). അധിനിവേശത്തിന്റെ യഥാർഥ മുഖം എത്ര ഭീകരമാണെന്ന് അമിരി എടുത്തുപറയുന്നു. അതുകൊണ്ടുതന്നെ തങ്ങളുടെ സാഹിത്യസൃഷ്ടികളിലൂടെ ചരിത്രത്തെ ഓർമയുടെ നൂലിഴകളിൽ കോർത്തിണക്കി പ്രതിരോധം തീർക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള കൃത്യമായ ബോധ്യം അവരുടെ എഴുത്തുകളിൽ പ്രതിഫലിക്കുന്നുണ്ട്. ഓർമ ഒരു യുദ്ധമായിട്ടാണ് അമിരി ഉപയോഗിക്കുന്നത്. ജാഫയിലെ കുടുംബവീട് തേടിപ്പോകുന്ന

എഴുത്തുകാരിയെ കാത്തിരിക്കുന്നത് കുറച്ച് കല്ലുകളും ഇസ്റാഈൽ ആർട്ടിസ്റ്റ് കോളനിയുമാണ്. ഓർമകൾ പ്രതിരോധം തീർക്കുന്നു. ഒരു ഘടനയും അവകാശപ്പെടാൻ കഴിയാത്ത ഫലസ്തീൻ ജീവിതങ്ങൾ അടയാളപ്പെടുത്തുമ്പോൾ പുസ്തകത്തിന്റെ ആഖ്യാനത്തിനും അത്തരം ഒരു രീതി സ്വീകരിച്ചിരിക്കുന്നതായി കാണാം.

അധിനിവേശത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തങ്ങളുടെ സ്വത്വത്തിന്റെയും ദേശത്തിന്റെയും പുനർനിർമിതിക്ക് ഓർമയുടെ സങ്കേതങ്ങളിലൂടെ പുത്തൻഭാഷ്യം നൽകാൻ ഫലസ്തീൻ സ്ത്രീ സാഹിത്യത്തിന് സാധിച്ചിട്ടുണ്ട്. റാഷിദ് ഖാലിദി, നൂർ മസൽഹ തുടങ്ങിയവരുടെ പഠനങ്ങളുടെയടിസ്ഥാനത്തിൽ ഈ പൊതുബോധ നിർമിതി(Collective memory) വികലമാക്കപ്പെട്ട ചരിത്രത്തിനെതിരെയുള്ള ഒരു പടവാളായി പരികൽപിക്കാം.

ഇയാൽ വെയ്സ്മാൻ, ജൂലി പിറ്റീറ്റ് തുടങ്ങിയവരുടെ സ്ഥലതല പഠനങ്ങളും ഫലസ്തീൻ സാഹിത്യസൃഷ്ടികളിലെ നവവായന സാധ്യതകളിലേക്ക് വെളിച്ചം വീശുന്നു. ഇസ്റാഈൽ സൃഷ്ടിച്ചെടുക്കുന്ന ചരിത്രത്തിന്റെ അപനിർമിതിയിലൂടെ, ഇടങ്ങളെ തിരിച്ചുപിടിക്കാൻ ഫലസ്തീൻ സ്ത്രീ എഴുത്തുകാർ നടത്തുന്ന പ്രതിരോധപ്രക്രിയയിൽ ചരിത്രം, സാഹിത്യം, ഓർമ എന്നീ സങ്കേതങ്ങൾ ഒരു നേർരേഖയിൽ വരുന്നതായി കാണാം. 'കാത്തിരിക്കാനുള്ള അവകാശം മാത്രമാണ് എനിക്കിപ്പോൾ ഉള്ളത്. ഫലസ്തീനിൽനിന്ന് എന്നെ ഡീപോർട്ട് ചെയ്തിരിക്കുന്നു.' റന ബറക്കാത്ത് ചിക്കാഗോയിൽ തന്റെ കുടുംബം അഭയാർഥികളായതിന്റെ ചരിത്രം ഓർത്തെടുക്കുകയാണ്. ചരിത്രവും ഓർമയും നഷ്ടപ്പെടാൻ കൂട്ടാക്കാതിരിക്കുന്നിടത്താണ് ഫലസ്തീനിയൻ സാഹിത്യാന്വേഷണങ്ങൾ കൂടുതലും പിറവി കൊള്ളുന്നത്. 'എന്നും വിധി ദിനം'(ബർഗൂതി:121) കാത്തുകിടക്കുന്ന ഫലസ്തീനികൾക്ക് സ്വന്തം രാഷ്ട്രവും സ്വന്തമായ ഒരു നിലനിൽപും സാധ്യമാകുന്നതെന്നാണെന്ന ചോദ്യം നിലനിൽക്കുമ്പോഴും ഇസ്റാഈൽ ഫലസ്തീൻ സംഘർഷത്തിനപ്പുറത്തേക്ക്, അഭയാർഥി പ്രശ്നങ്ങൾക്കപ്പുറത്തേക്ക്, അറബ് രാഷ്ട്രീയത്തിനപ്പുറത്തേക്ക് ഫലസ്തീൻ സാഹിത്യസൃഷ്ടികൾക്ക്, വിശിഷ്യാ സ്ത്രീസാഹിത്യത്തിന് വായനക്കാർ ദിനംപ്രതി വർധിക്കുന്നതിനു കാരണം അവരുടെ എഴുത്തുകളിലെ ഈ പുതുസംജ്ഞകളാണെന്ന് കാണാം.'

കൾവരെയുള്ള രണ്ടാംഘട്ടം, 1980 കൾക്കുശേഷമുള്ള മൂന്നാംഘട്ടം എന്നിങ്ങനെ മൂന്നായി തിരിക്കാം.

ഫലസ്തീൻ സ്ത്രീ എഴുത്തുകാർ എന്ന പ്രയോഗം ഒരു വിശാല പരിപ്രേക്ഷ്യമാണ്. ഇതിൽ ഗാസ, വെസ്റ്റ് ബാങ്ക്, ജറുസലേം, അധിനിവേശ ഫലസ്തീൻ, ഇന്നത്തെ ഇസ്റാഈൽ എന്നിവിടങ്ങളിലെ എഴുത്തുകാർക്കുപുറമെ ജന്മനാട്ടിൽനിന്ന് അകലെയുള്ള രാജ്യങ്ങളിൽ കുടിയേറിപ്പാർത്ത ഡയസ്പോറിക് വിഭാഗം, അഭയാർഥി ക്യാമ്പുകളിൽ ജീവിക്കുന്നവർ തുടങ്ങിയ വിവിധ വിഭാഗം എഴുത്തുകാർ മുഴുവൻ ഉൾക്കൊള്ളുന്നുണ്ട്. 2000 ത്തിലെ രണ്ടാം ഫലസ്തീനിയൻ ഇൻതിഫാദക്കുശേഷം അഭൂതപൂർവ്വമായ സ്ത്രീസാഹിത്യമുന്നേറ്റത്തിന് ഫലസ്തീൻ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. പ്രതിരോധം, ഓർമ, ചരിത്രം, ദേശീയത, ദൈനംദിന ജീവിതം, മാതൃത്വം, യുദ്ധം, ഇസ്റാഈൽ മനുഷ്യാവകാശലംഘനങ്ങൾ, രാഷ്ട്രീയമുന്നേറ്റങ്ങൾ, കൃഷി, അധിനിവേശം തുടങ്ങിയ സമസ്ത മേഖലകളെയും സ്പഷ്ടമായി പ്രതിപാദിക്കുന്നു, ഫലസ്തീൻ സ്ത്രീസാഹിത്യം.

വ്യക്തിപരം രാഷ്ട്രീയമാകുന്ന(Personal is political) ഒരു വ്യതിയാനം രണ്ടായിരമാണ്ടിനുശേഷമുള്ള സ്ത്രീ എഴുത്തുകളിൽ കൂടുതലായി ദർശിക്കാൻ കഴിയും. നോവൽ, ചെറുകഥ, കവിത തുടങ്ങിയ സാമ്പ്രദായിക സാഹിത്യശാഖകൾക്കുപുറമെ ദൈനംദിന ജീവിതത്തിൽ അധിനിവേശം സൃഷ്ടിക്കുന്ന ഭീകരത കൃത്യമായി അടയാളപ്പെടുത്താൻ ജീവിതാഖ്യാനത്തിന്റെ പുതിയ മാതൃകകൾ ഇവർ ഉപയോഗിക്കുന്നുണ്ട്. പെർഫോമൻസ് പോയട്രി, ബ്ലോഗ് സാഹിത്യം, ഓർമക്കുറിപ്പുകൾ, ദൈനംദിന ജീവിതാഖ്യാനങ്ങൾ, റേഡിയോ നാടകങ്ങൾ, ഫോട്ടോ ഉപന്യാസങ്ങൾ തുടങ്ങിയവ ഇതിൽ ശ്രദ്ധേയമാണ്. ഫലസ്തീൻ സാഹിത്യത്തിന്റെ ഏറ്റവും വലിയ സവിശേഷത സാഹിത്യത്തിലെ വ്യക്തിപരമായ ആഖ്യാനങ്ങളുടെ നൈരന്തര്യമാണെന്ന് സൽമ കെ ജയ്യൂസി അഭിപ്രായപ്പെടുന്നു. ലോകമെമ്പാടും ഫലസ്തീൻ ജനതക്കനുകൂലമായ പൊതുബോധസൃഷ്ടി രൂപീകരിക്കുന്നതിൽ വനിതാസാഹിത്യ സൃഷ്ടികൾക്കും ജീവിതാഖ്യാനങ്ങൾക്കും വലിയ പങ്കുണ്ട്. പുരുഷകേന്ദ്രീകൃത സമൂഹഘടന ഒരു പ്രധാന ആശയമായി ചർച്ച ചെയ്യപ്പെടുന്നുവെങ്കിലും അതിനപ്പുറത്തേക്ക് ഫലസ്തീൻ സാഹിത്യത്തെ കൊണ്ടുപോവാൻ ഈ സമകാലിക ജീവിതാഖ്യാനങ്ങൾക്കും ഓർമക്കുറിപ്പുകൾക്കും കഴിഞ്ഞിട്ടുണ്ട്.

എഴുത്തുകാരിയെ കാത്തിരിക്കുന്നത് കുറച്ച് കല്ലുകളും ഇസ്റാഈൽ ആർട്ടിസ്റ്റ് കോളനിയുമാണ്. ഓർമകൾ പ്രതിരോധം തീർക്കുന്നു. ഒരു ഘടനയും അവകാശപ്പെടാൻ കഴിയാത്ത ഫലസ്തീൻ ജീവിതങ്ങൾ അടയാളപ്പെടുത്തുമ്പോൾ പുസ്തകത്തിന്റെ ആഖ്യാനത്തിനും അത്തരം ഒരു രീതി സ്വീകരിച്ചിരിക്കുന്നതായി കാണാം.

അധിനിവേശത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തങ്ങളുടെ സ്വത്വത്തിന്റെയും ദേശത്തിന്റെയും പുനർനിർമിതിക്ക് ഓർമയുടെ സങ്കേതങ്ങളിലൂടെ പുത്തൻഭാഷ്യം നൽകാൻ ഫലസ്തീൻ സ്ത്രീ സാഹിത്യത്തിന് സാധിച്ചിട്ടുണ്ട്. റാഷിദ് ഖാലിദി, നൂർ മസൽഹ തുടങ്ങിയവരുടെ പഠനങ്ങളുടെയടിസ്ഥാനത്തിൽ ഈ പൊതുബോധ നിർമിതി(Collective memory) വികലമാക്കപ്പെട്ട ചരിത്രത്തിനെതിരെയുള്ള ഒരു പടവാളായി പരികൽപിക്കാം.

ഇയാൽ വെയ്സ്മാൻ, ജൂലി പിറ്റീറ്റ് തുടങ്ങിയവരുടെ സ്ഥലതല പഠനങ്ങളും ഫലസ്തീൻ സാഹിത്യസൃഷ്ടികളിലെ നവവായന സാധ്യതകളിലേക്ക് വെളിച്ചം വീശുന്നു. ഇസ്റാഈൽ സൃഷ്ടിച്ചെടുക്കുന്ന ചരിത്രത്തിന്റെ അപനിർമിതിയിലൂടെ, ഇടങ്ങളെ തിരിച്ചുപിടിക്കാൻ ഫലസ്തീൻ സ്ത്രീ എഴുത്തുകാർ നടത്തുന്ന പ്രതിരോധപ്രക്രിയയിൽ ചരിത്രം, സാഹിത്യം, ഓർമ എന്നീ സങ്കേതങ്ങൾ ഒരു നേർരേഖയിൽ വരുന്നതായി കാണാം. 'കാത്തിരിക്കാനുള്ള അവകാശം മാത്രമാണ് എനിക്കിപ്പോൾ ഉള്ളത്. ഫലസ്തീനിൽനിന്ന് എന്നെ ഡീപോർട്ട് ചെയ്തിരിക്കുന്നു.' റന ബറക്കാത്ത് ചിക്കാഗോയിൽ തന്റെ കുടുംബം അഭയാർഥികളായതിന്റെ ചരിത്രം ഓർത്തെടുക്കുകയാണ്. ചരിത്രവും ഓർമയും നഷ്ടപ്പെടാൻ കൂട്ടാക്കാതിരിക്കുന്നിടത്താണ് ഫലസ്തീനിയൻ സാഹിത്യാന്വേഷണങ്ങൾ കൂടുതലും പിറവി കൊള്ളുന്നത്. 'എന്നും വിധി ദിനം'(ബർഗൂതി:121) കാത്തുകിടക്കുന്ന ഫലസ്തീനികൾക്ക് സ്വന്തം രാഷ്ട്രവും സ്വന്തമായ ഒരു നിലനിൽപും സാധ്യമാകുന്നതെന്നാണെന്ന ചോദ്യം നിലനിൽക്കുമ്പോഴും ഇസ്റാഈൽ ഫലസ്തീൻ സംഘർഷത്തിനപ്പുറത്തേക്ക്, അഭയാർഥി പ്രശ്നങ്ങൾക്കപ്പുറത്തേക്ക്, അറബ് രാഷ്ട്രീയത്തിനപ്പുറത്തേക്ക് ഫലസ്തീൻ സാഹിത്യസൃഷ്ടികൾക്ക്, വിശിഷ്യാ സ്ത്രീസാഹിത്യത്തിന് വായനക്കാർ ദിനംപ്രതി വർധിക്കുന്നതിനു കാരണം അവരുടെ എഴുത്തുകളിലെ ഈ പുതുസംജ്ഞകളാണെന്ന് കാണാം.'